ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യം

146 (2127) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാത-17-ൽ 284 കി.മീ. ഭാഗത്ത് (മലപ്പുറം ജില്ല) റോഡിൽ നിന്നും മലിനജലം വീടുകളിലെ കിണർ, കുളം എന്നിവകളിൽ കയറുന്നത് തടയുവാൻ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) നടപടി ഒന്നും സ്വീകരിച്ചില്ലെങ്കിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആവശ്യമായ സത്വര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നെടുമങ്ങാട് കുമ്മിപ്പള്ളി-മുക്കോല റോഡ്

147 (2128) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം പഞ്ചായത്തിൽ കുമ്മിപ്പള്ളി-മുക്കോല റോഡ് തകർന്നുകിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ റോഡ് അടിയന്തിരമായി റീ-ടാർ ചെയ്ത് ഗതാഗതയോഗ്യം ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇല്ല.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly